**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **11-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഓഖി ദുരന്തത്തിനുശേഷം കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കൃത്യമായ വിവര ശേഖരണത്തിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | 2017 നവംബർ 29, 30 തീയതികളിലായി കേരളത്തിന്റെ തീരപ്രദേശത്തെ ഒന്നടങ്കം പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിൽ 142 മത്സ്യത്തൊഴിലാളികളെ നഷ്ടപ്പെടുകയും ധാരാളം പേർക്ക് ജീവിത സാഹചര്യങ്ങൾ നഷ്ടമാകുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വളരെ വേഗം മനസ്സിലാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ NIC യുമായി ചേർന്ന് 'സാഗര' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിയ്ക്കുകയും ചെയ്തു. ഈ മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികളുടെ സ്മാർട്ട് ഫോണുകളിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും, ഈ ആപ്ലിക്കേഷന്റെ ഉപയോഗം മത്സ്യത്തൊഴിലാളികളെ പഠിപ്പിക്കുന്നതിനും, കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധന ശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ സാഗരയിൽ രേഖപ്പെടുത്തുന്നതിനുമായി 9 മറൈൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട 50 ഫിഷ് ലാന്റിംഗ് സെന്ററുകളിൽ/ഫിഷിംഗ് ഹാർബറുകളിൽ 50 ''സാഗര ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി താത്കാലികമായി നിയോഗിയ്ക്കുകയും ചെയ്തു. ഇവരെ ആദ്യം 8 മാസത്തേയ്ക്കാണ് നിയോഗിച്ചത്. അതിന് ശേഷം അവരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധന ശേഷം |

| | | | |
|---|---|---|---|
| | | | തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ അറിയാനും, കടലിൽ തീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കുവാനും ഈ മൊബൈൽ ആപ്ലിക്കേഷൻ കൊണ്ട് സാധിയ്ക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെയും മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര' യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിലേക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ 'സാഗര മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പദ്ധതിയിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല.<br><br>എന്നാൽ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'Bluetooth Low Energy (BLE)' സംവിധാനവും GPS ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തി വരുന്നു. |
| (ബി) | മത്സ്യബന്ധന ഉറമുഖങ്ങളിൽനിന്നും ലാന്റിംഗ് സെന്ററുകളിൽനിന്നും മത്സ്യബന്ധനത്തിനായി പുറപ്പെടുന്ന യാനങ്ങളുടേയും മത്സ്യത്തൊഴിലാളികളുടേയും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്തപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച് 'Bluetooth Low Energy (BLE)സംവിധാനവും GPS ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തി വരുന്നു. പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിലൂടെ കടലിൽ |

മത്സ്യബന്ധനതിനായി പോകുന്നതും വരുന്നതുമായ യാനങ്ങളുടെയും ആയതിലുള്ള മത്സ്യത്തൊഴിലാളികളുടെയും REAL TIME മോണിറ്ററിംഗ് സംബന്ധിച്ച ഒരു കൃത്യമായ ഡാറ്റാബേസ് ഫിഷറീസ് വകുപ്പിന് ഉണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 'ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയും', 'കെൽട്രോണും' പ്രൊപ്പോസലുകൾ സമർപ്പിക്കുകയും വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ കേന്ദ്രീകരിച്ച് ഡെമോ നടത്തുകയുമുണ്ടായി.

പ്രസ്തുത സംവിധാനം മുഖാന്തരം ഹാർബറിലെ മോണിറ്ററിംഗ് സെന്ററുമായി ബന്ധിപ്പിക്കുന്ന ഒരു സെൻസിംഗ് ഉപകരണം മത്സ്യബന്ധനയാനത്തിൽ ഘടിപ്പിക്കുകയും കൂടാതെ പ്രസ്തുത സെൻസിംഗ് ഉപകരണവുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു 'Bluetooth Low Energy (BLE)' റിസ്റ്റ് ബാൻഡ്" യാനത്തിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിക്കാൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനയാനം ഹാർബറിൽ നിന്നും പുറപ്പെടുകയും സെൻസിംഗ് ഉപകരണത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന നിശ്ചിത രേഖാംശം (geofencing സംവിധാനം) കടക്കുകയും ചെയ്യുമ്പോൾ ഈ സെൻസിംഗ് ഉപകരണം ഹാർബറിലെ മോണിറ്ററിംഗ് സെന്ററിലേക്ക് തിരികെ ആശയവിനിമയം നടത്തുകയും അതിനോടൊപ്പം തന്നെ മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിച്ചിട്ടുള്ള BLE ഉപകരണങ്ങളിലെ വിവരങ്ങൾ മോണിറ്ററിംഗ് സെന്ററിലേക്ക് അയക്കുകയും ചെയ്യുന്നു. ഇപ്രകാരം ഏതെല്ലാം മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ നിന്നും കടലിലേക്ക് പോയിട്ടുണ്ടെന്നും ആയതിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു എന്നുള്ള വിവരങ്ങളും ഹാർബറിലെ മോണിറ്ററിംഗ് സെന്ററിൽ റെക്കോർഡ് ചെയ്യപ്പെടുന്നു.

ഇതേ സംവിധാനത്തിലൂടെ തന്നെ കടലിൽ നിന്ന് ഹാർബറിലേക്ക് തിരികെ എത്തുന്ന യാനങ്ങളുടെയും ആയതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങളും ലഭിക്കുന്നതിന് സാധിക്കുന്നു എന്നും ഡെമോയിൽ നിന്നും മനസിലാക്കുന്നു. ഈ സംവിധാനത്തിലൂടെ ഓരോ മത്സ്യബന്ധന യാനങ്ങളുടെയും യാത്രയുടെയും തുടർച്ചയായ ഡാറ്റ റെക്കോർഡ് ചെയ്യാൻ സാധിക്കുന്നതും ഹാർബറിലെ മോണിറ്ററിംഗ് സെന്ററിലേക്ക് അപ്ഡേറ്റ് ചെയ്യാനും കഴിയും എന്നാണ് മനസിലാക്കുവാൻ സാധിക്കുന്നത്.

| | | | |
|---|---|---|---|
| | | | കടലിനുള്ളിൽ 20 കിലോമീറ്ററാണ് ഇതിന് പരിമിതിയുള്ളത്.<br><br>ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയും, കെൽട്രോണും പ്രസ്തുത സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് പ്രോപ്പോസലുകൾ വകുപ്പിൽ സമർപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ, വരുന്ന സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഫിഷിംഗ് ഹാർബറിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇത് പ്രായോഗികമാണോ എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കടൽ സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്തപേക്ഷിതമായതിനാൽ, ഹാർബറുകൾ കേന്ദ്രീകരിച്ച 'Bluetooth Low Energy (BLE)സംവിധാനവും GPS ടെക്നോളജിയും പ്രയോജനപ്പെടുത്തി ഒരു Telematics Gateway അധിഷ്ഠിതമായ സംവിധാനം ഫിഷിംഗ് ഹാർബറുകളിൽ കൊണ്ടുവരുന്നതിനും ആയതിലൂടെ കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ വകുപ്പ് നടത്തി വരുന്നു. പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിലൂടെ കടലിൽ മത്സ്യബന്ധനതിനായി പോകുന്നതും വരുന്നതുമായ യാനങ്ങളുടെയും ആയതിലുള്ള മത്സ്യത്തൊഴിലാളികളുടെയും REAL TIME മോണിറ്ററിംഗ് സംബന്ധിച്ച ഒരു കൃത്യമായ ഡാറ്റാബേസ് ഫിഷറീസ് വകുപ്പിന് ഉണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് 'ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയും', 'കെൽട്രോണും' പ്രൊപ്പോസലുകൾ സമർപ്പിക്കുകയും വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ കേന്ദ്രീകരിച്ച് ഡെമോ നടത്തുകയുമുണ്ടായി.<br><br>പ്രസ്തുത സംവിധാനം മുഖാന്തരം ഹാർബറിലെ മോണിറ്ററിംഗ് സെന്ററുമായി ബന്ധിപ്പിക്കുന്ന ഒരു സെൻസിംഗ് ഉപകരണം മത്സ്യബന്ധനയാനത്തിൽ ഘടിപ്പിക്കുകയും കൂടാതെ പ്രസ്തുത സെൻസിംഗ് |

| | | | |
|---|---|---|---|
| | | | ഉപകരണവുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു 'Bluetooth Low Energy (BLE)' റിസ്റ്റ് ബാൻഡ് യാനത്തിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിക്കാൻ നൽകുകയും ചെയ്യുന്നു. മത്സ്യബന്ധനയാനം ഹാർബറിൽ നിന്നും പുറപ്പെടുകയും സെൻസിംഗ് ഉപകരണത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന നിശ്ചിത രേഖാംശം (geofencing സംവിധാനം) കടക്കുകയും ചെയ്യുമ്പോൾ ഈ സെൻസിംഗ് ഉപകരണം ഹാർബറിലെ മോണിറ്ററിംഗ് സെന്ററിലേക്ക് തിരികെ ആശയവിനിമയം നടത്തുകയും അതിനോടൊപ്പം തന്നെ മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ ധരിച്ചിട്ടുള്ള BLE ഉപകരണങ്ങളിലെ വിവരങ്ങൾ മോണിറ്ററിംഗ് സെന്ററിലേക്ക് അയക്കുകയും ചെയ്യുന്നു. ഇപ്രകാരം ഏതെല്ലാം മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ നിന്നും കടലിലേക്ക് പോയിട്ടുണ്ടെന്നും ആയതിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു എന്നുള്ള വിവരങ്ങളും ഹാർബറിലെ മോണിറ്ററിംഗ് സെന്ററിൽ റെക്കോർഡ് ചെയ്യപ്പെടുന്നു.<br><br>ഇതേ സംവിധാനത്തിലൂടെ തന്നെ കടലിൽ നിന്ന് ഹാർബറിലേക്ക് തിരികെ എത്തുന്ന യാനങ്ങളുടെയും ആയതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങളും ലഭിക്കുന്നതിന് സാധിക്കുന്നു എന്നും ഡെമോയിൽ നിന്നും മനസിലാക്കുന്നു. ഈ സംവിധാനത്തിലൂടെ ഓരോ മത്സ്യബന്ധന യാനങ്ങളുടെയും യാത്രയുടെയും തുടർച്ചയായ ഡാറ്റ റെക്കോർഡ് ചെയ്യാൻ സാധിക്കുന്നതും ഹാർബറിലെ മോണിറ്ററിംഗ് സെന്ററിലേക്ക് അപ്ഡേറ്റ് ചെയ്യാനും കഴിയും എന്നാണ് മനസിലാക്കുവാൻ സാധിക്കുന്നത്. കടലിനുള്ളിൽ 20 കിലോമീറ്ററാണ് ഇതിന് പരിമിതിയുള്ളത്.<br><br>ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയും, കെൽട്രോണും പ്രസ്തുത സാങ്കേതിക സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് പ്രോപ്പോസലുകൾ വകുപ്പിൽ സമർപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ, വരുന്ന സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഫിഷിംഗ് ഹാർബറിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ